ഇന്നയിന്ന വിധമെല്ലാം പറഞ്ഞിരിക്കുന്ന ചിലരുടെ
കാര്യമെന്താണ്?! എന്നാൽ ഞാൻ നിസ്കരിക്കുകയും
ഉറങ്ങുകയും, നോമ്പെടുക്കുകയും നോമ്പ്
ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്. ഞാൻ സ്ത്രീകളെ വിവാഹം
കഴിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ആരെങ്കിലും
എൻ്റെ ചര്യയോട് വിമുഖത കാണിച്ചാൽ അവൻ എന്നിൽ
പെട്ടവനല്ല
ُه عَنُْه- ്അനസ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- യുടെ സ്വഹാബികളിൽ ചിലർ അവിടുത്തെ പത്നിമാരോട്
നബി -صلى الله عليه وسلم- യുടെ രഹസ്യജീവിതത്തിലെ ഇബാദത്തുകളെ കുറിച്ച് ചോദിച്ചറിഞ്ഞു. (എല്ലാം
കേട്ടശേഷം) അവരിൽ ചിലർ പറഞ്ഞു: "ഞാൻ ഇനി സ്ത്രീകളെ വിവാഹം കഴിക്കില്ല." മറ്റു ചിലർ
പറഞ്ഞു: "ഞാൻ മാംസം ഭക്ഷിക്കില്ല." മറ്റു ചിലർ പറഞ്ഞു: "ഞാൻ വിരിപ്പിൽ
ഉറങ്ങുകയില്ല." നബി -صلى الله عليه وسلم- ക്ക് ഈ വിവരം വന്നെത്തിയപ്പോൾ അവിടുന്ന് അല്ലാഹുവിനെ
സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തു (പ്രഭാഷണം നടത്തുന്നതിന് വേണ്ടി).
അവിടുന്ന് പറഞ്ഞു: "ഇന്നയിന്ന വിധമെല്ലാം പറഞ്ഞിരിക്കുന്ന ചിലരുടെ
കാര്യമെന്താണ്?! എന്നാൽ ഞാൻ നിസ്കരിക്കുകയും ഉറങ്ങുകയും, നോമ്പെടുക്കുകയും
നോമ്പ് ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്. ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുകയും
ചെയ്തിരിക്കുന്നു. അതിനാൽ ആരെങ്കിലും എൻ്റെ ചര്യയോട് വിമുഖത കാണിച്ചാൽ അവൻ
എന്നിൽ പെട്ടവനല്ല."
[صحيح] [متفق عليه]
സ്വഹാബികളിൽ പെട്ട ചിലർ നബി -صلى الله عليه وسلم- യുടെ ഭാര്യമാരിൽ ഒരാളുടെ വീട്ടിൽ വരികയും, നബി -صلى الله عليه وسلم- തൻ്റെ
വീട്ടിൽ രഹസ്യമായി നിർവ്വഹിക്കാറുള്ള ഇബാദത്തുകളെ കുറിച്ച് ചോദിച്ചറിയുകയും ചെയ്തു.
പക്ഷേ അവരുടെ വിവരണങ്ങൾ കേട്ടപ്പോൾ അത് വളരെ കുറവാണെന്നാണ് അവർക്ക് അനുഭവപ്പെട്ടത്.
അതിനാൽ അവർ പറഞ്ഞു: "നമ്മളും നബി -صلى الله عليه وسلم- യും തമ്മിലുള്ള അന്തരം എത്ര വലുതാണ്?!
അവിടുത്തേക്ക് മുൻകഴിഞ്ഞതും വരാനിരിക്കുന്നതുമായ തിന്മകളെല്ലാം പൊറുത്തു
നൽകപ്പെട്ടിരിക്കുന്നു. എന്നാൽ മറ്റുള്ളവർക്ക് തങ്ങളുടെ തിന്മകൾ
പൊറുക്കപ്പെട്ടിരിക്കുന്നോ എന്ന കാര്യം അറിയുകയില്ല. അതിനാൽ അവർക്ക് അല്ലാഹുവിൻ്റെ
പക്കൽ നിന്നുള്ള പാപമോചനം ലഭിക്കണമെങ്കിൽ ഇബാദത്തുകളിൽ അവർ കൂടുതൽ കൂടുതൽ പരിശ്രമം
കാണിക്കണം." അവരിൽ ചിലർ പറഞ്ഞു: "ഞാൻ വിവാഹം കഴിക്കുകയില്ല." മറ്റു ചിലർ പറഞ്ഞു: "ഞാൻ
മാംസം ഭക്ഷിക്കുകയില്ല." ചിലർ പറഞ്ഞു: "ഞാൻ ഇനി വിരിപ്പിൽ കിടന്നുറങ്ങുകയില്ല." നബി -صلى الله عليه وسلم-പിന്നീട് ഈ വാർത്തയറിഞ്ഞപ്പോൾ കോപിക്കുകയാണുണ്ടായത്. അവിടുന്ന് അല്ലാഹുവിനെ
സ്തുതിച്ചു കൊണ്ട് ജനങ്ങളോട് പ്രസംഗിക്കാനാരംഭിച്ചു. ശേഷം പറഞ്ഞു: എന്താണ് ചില
ആളുകളുടെ സ്ഥിതി?! അവർ ഇപ്രകാരമെല്ലാം പറഞ്ഞിരിക്കുന്നു. അല്ലാഹു തന്നെ സത്യം! ഞാൻ
നിങ്ങളിൽ അല്ലാഹുവിനോട് ഏറ്റവും ഭയഭക്തിയുള്ളവരും നിങ്ങളിൽ അല്ലാഹുവിനെ ഏറ്റവുമധികം

സൂക്ഷിക്കുന്നവനുമാണ്. എന്നാൽ ഞാൻ ഉറങ്ങാറുണ്ട്; അതിലൂടെ നിസ്കാരത്തിനുള്ള ഊർജ്ജം ഞാൻ
നേടിയെടുക്കുന്നു. ഞാൻ നോമ്പ് മുറിക്കാറുണ്ട്; അതിലൂടെ നോമ്പെടുക്കാനുള്ള ശക്തി ഞാൻ
കണ്ടെത്തുന്നു. ഞാൻ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൻ്റെ
മാർഗത്തോട് ആരെങ്കിലും എതിരാവുകയും, അതല്ലാത്ത വഴിയിലാണ് പൂർണ്ണതയുള്ളത് എന്ന്
മനസ്സിലാക്കുകയും, എൻ്റേതല്ലാത്ത മാർഗം അവൻ സ്വീകരിക്കുകയും ചെയ്താൽ അവൻ എന്നിൽ
പെട്ടവനല്ല.
https://www.sunnah.global/hadeeth/ml/show/6078